പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2232 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം സംബന്ധിച്ച തീരുമാനം ഏതു ഘട്ടത്തിലാണ്; | (എ) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ 1956-ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻെറ കീഴിൽ പൊതുമേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിൻെറ ഭാഗമായി കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിരുന്നു. 14-01-2011-ന് രജിസ്റ്റർ ചെയ്യപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് ആസ്തി ബാധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) സർക്കാരിൻെറ പരിഗണനയിലാണ്. ആയതിന് അംഗീകാരം നൽകിയാലുടൻ ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. |
| (ബി) കമ്പനിവൽക്കരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സംസ്ഥാന വൈദ്യുതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (ബി) ഇൻഡ്യയിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടേയും വൈദ്യുതി ബോർഡുകളുടെയും സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര ആസൂത്രണ കമ്മീഷൻ വി. കെ. ഷുംഗ്ലു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. എന്നാൽ റിപ്പോർട്ട് ആസൂത്രണ കമ്മീഷനോ കേന്ദ്ര സർക്കാരോ അംഗീകരിക്കുകയോ സംസ്ഥാനത്തിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. |
| (സി) ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് കമ്പനിയാക്കിയിട്ടുണ്ട്; | (സി) ലഭ്യമായ അറിവു പ്രകാരം ഇനി രണ്ടു സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകൾ കൂടി മാത്രമേ കമ്പനിയാക്കാതെയുള്ളു - കേരളവും ജാർഘണ്ടും. |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി ബോർഡ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; റവന്യൂ വരുമാനത്തിൽ നിന്നുമാണോ പെൻഷൻ ചെലവ് വഹിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. നിലവിൽ, റവന്യൂ വരുമാനത്തിൽ നിന്നുമാണ് പെൻഷൻ ചെലവ് വഹിക്കുന്നത്.<br>കെ. എസ്. ഇ. ബിയെ 2003-ലെ വൈദ്യുതി നിയമം അനുസരിച്ച് പുന:സംഘടിപ്പിക്കുമ്പോൾ പെൻഷൻ വിതരണം ഉറപ്പാക്കുന്നതിനായി പെൻഷൻ ഫണ്ട് ഉണ്ടാക്കുന്നതിനും ഇതിലേയ്ക്ക് ഒരു മാസ്റ്റർ ട്രസ്റ്റിന് രൂപം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | കമ്പനിവൽക്കരണത്തെ സംബന്ധിച്ച് ഉപഭോക്താക്കളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ? | (ഇ) | 2003-ലെ ഇലക്ട്രിസിറ്റി ആക്ട് നിഷ്ക്കർഷിക്കുന്ന പ്രകാരമാണ് കമ്പനിവൽക്കരണം നടത്തുന്നത്. അതിൻപ്രകാരം, ഇതിനായി ഉപഭോക്താക്കളുടെ അഭിപ്രായം തേടണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**